**പ്രഫസർ അനിൽകുമാറിന്റെ പ്രഭാഷണം – വ്യാഴാഴ്ച തോറും**

**പ്രശാന്തി സന്ദേശം- ഉപാഖ്യാനം 268**

# പുതിയ കൽപനകൾ-1, 2, 3

**THE NEW COMMANDMENTS 1, 2 AND 3**

**ഡിസംബർ 12, 2024**

ഓം ശ്രീ സായിരാം!

പ്രശാന്തി സന്ദേശം നിങ്ങളെ സ്വാഗതം ചെയ്യുന്നു.

## പുണ്യഗ്രന്ഥങ്ങളിലെ പെരുമാറ്റച്ചട്ടം
## CODES OF CONDUCT IN THE SCRIPTURES




എല്ലാ പുണ്യഗ്രന്ഥങ്ങൾക്കും നിശ്ചിത പെരുമാറ്റച്ചട്ടങ്ങ(codes of conduct)ളുണ്ട്. വിശുദ്ധ ബൈബിൾ പറയുന്നു, "നിങ്ങൾ പത്ത് കൽപ്പനകൾ അനുസരിക്കണമെന്ന് ദൈവം ഇച്ഛിക്കുന്നു." ബുദ്ധമതത്തിലെ ധമ്മപദം, ഒരു നിശ്ചിത ജീവിതക്രമം നയിക്കുന്നതിന് നിങ്ങളോട് ആവശ്യപ്പെടുന്നു. ഹിന്ദുത്വം യമനിയമങ്ങളെപ്പറ്റിയും സാമൂഹ്യ ധർമ്മസംഹിതയെക്കുറിച്ചും വൈയക്തികമായ പെരുമാറ്റച്ചട്ടങ്ങളെപ്പറ്റിയും പറയുന്നു. ഓരോ മതത്തിനും ഒരുവൻ അനുസരിക്കുകയും പിന്തുടരുകയും ചെയ്യേണ്ടതായ ഒരു നിശ്ചിത ഗ്രന്ഥം, ഒരു പെരുമാറ്റ സംഹിത, ഒരു പറ്റം നിയമങ്ങളും ചട്ടങ്ങളും ഇവയുണ്ട്. അല്ലെങ്കിൽ അവ നിങ്ങളെ ഭീഷണിപ്പെടുത്തും: "ഈ ചട്ടങ്ങൾ നിങ്ങൾ അനുസരിച്ചില്ലെങ്കിൽ, നിങ്ങൾ നരകത്തിൽ പോവും, അവിടെ നിങ്ങൾ പൊരിക്കപ്പെടും, ഉരുളക്കിഴങ്ങുപ്പേരി പോലെ വറുക്കപ്പെടും! അതുകൊണ്ട് സൂക്ഷിച്ചോളൂ! എന്നാൽ നിങ്ങൾ ഈ പത്തു കൽപ്പനകൾ അനുസരിക്കുകയാണെങ്കിൽ, നിങ്ങൾ സ്വർഗത്തിൽ പോവും."




"എന്താണ് സ്വർഗം?" ഇവിടെ നിങ്ങൾക്ക് വയസ്സായേക്കും, പക്ഷേ അവിടെ സ്വർഗത്തിൽ, നിങ്ങൾക്ക് എന്നും ചെറുപ്പമായിരിക്കും, ഒരു നിത്യഹരിത നായകനായിരി

ക്കും നിങ്ങൾ. സുന്ദരികൾ നിങ്ങൾക്കു ചുറ്റിനുമുണ്ടാവും. പക്ഷേ ഇവിടെ ഭൂമിയിലോ, വിരൂപരുമുണ്ട്, സൗന്ദര്യമുള്ളവരുമുണ്ട്.”




ഓഹോ! ഇവയൊക്കെയാണ് സ്വർഗത്തിന് ചാർത്തപ്പെട്ടിരിക്കുന്ന ഗുണങ്ങൾ. ഇതെല്ലാം ഭാവനാകൽപനകളാണ്. സ്വർഗമോ നരകമോ ഇല്ല, ഇല്ല! തീർച്ചയായും ഇല്ല! ഒരു സാധാരണക്കാരൻ എന്താണ് അനുസരിക്കേണ്ടതെന്ന് അവരെ മനസ്സിലാക്കിക്കാനാണ് അവർ ഈ വിവരണം തരുന്നത്. അത്ര മാത്രം. സ്വർഗം ഇപ്പോൾ, ഇവിടെ(Here, now) ആണ്. നാം ഭഗവാനോടൊപ്പം ചെലവഴിക്കുന്ന നിമിഷങ്ങൾ, അവിടുന്ന് നമ്മെ നോക്കുകയോ അല്ലെങ്കിൽ നമുക്ക് ഒരു ഇന്റർവ്യൂ അനുവദിക്കുകയോ ചെയ്യുമ്പോൾ, അതാണ് സ്വർഗം. ശരിക്കും അങ്ങനെയൊരു സ്ഥലം ഉണ്ടെന്നുവരികിൽ, ഇത് അതിനും മേലെയാണ്. ഞാൻ വിഷണ്ണനോ നിരാശനോ മനസ്സിന്റെ താളം തെറ്റിയവനോ അഥവാ ഏതെങ്കിലും തരത്തിലുള്ള പഴി അല്ലെങ്കിൽ അനാവശ്യമായ അപവാദം പേറുന്നവനോ ആണെങ്കിൽ, അതാണ് നരകം. സ്വർഗവും നരകവും ജീവിതത്തിന്റെ രണ്ട് അവസ്ഥകളാണ്, വേറിട്ട ഒരു മേഖലയോ പ്രദേശമോ അല്ല. അവ ഭൂമിശാസ്ത്രപരമല്ല.

അപ്പോൾ, ഓരോ മതവും ഒരു നിശ്ചിത പെരുമാറ്റച്ചട്ടവുമായാണ് വരുന്നത്. ആളുകൾ പിന്തുടരുന്ന ഏറ്റവും പ്രചാരത്തിലുള്ളതും സഫലവുമായ പെരുമാറ്റസംഹിതയെന്നത് പത്ത് കൽപ്പനകളാണ്. അവ ഓരോ മതത്തിലും സമാനമാണ്. ഉള്ളടക്കം ഒന്നുതന്നെ, ഭാഷ മാത്രമാണ് വ്യത്യസ്തം, അത്രയേയുള്ളൂ. ഞങ്ങൾ ‘പെട്രോൾ’ എന്നു പറയും, നിങ്ങൾ ‘ഗ്യാസൊലിൻ’ എന്നും. ഞങ്ങൾ ‘രൂപാ’ എന്നു പറയും, നിങ്ങൾ ‘ഡോളർ’ എന്നും. പദാവലിയിൽ മാത്രമാണ് വ്യത്യാസം. പത്ത് കൽപനകൾ വ്യത്യസ്തതയോടെ ഇതാ:




**ആദ്യത്തെ കൽപന: ‘അഹം’ ഉപേക്ഷിക്കുക**
**THE FIRST COMMANDMENT: GIVE UP ‘I’**

ആദ്യ കൽപന ഒരു ഏകാക്ഷര പദമാണ്, രണ്ടാമത്തേത് രണ്ടക്ഷരമുള്ള പദം, മൂന്നാമത്തെ കൽപന മൂന്നക്ഷരമുള്ള പദം അങ്ങ

നെ. ഓരോ കൽപ്പനയിലെയും അക്ഷരങ്ങളുടെ എണ്ണം കൽപനകളുടെ ലിസ്റ്റിലെ അതിന്റെ നമ്പർ അനുസരിച്ചാണ്.

ഏതാണ് ആദ്യത്തെ കൽപന? ഈ ലോകത്ത് ഏറ്റവും അപകടകാരിയായ അക്ഷരം ഏതാണ്? 'ഞാൻ(I)' ആണ് ഏറ്റവും ഹാനികരമായ അക്ഷരം. ആദ്യത്തെ കൽപനയെന്നത് ഈ അഹം ഉപേക്ഷിക്കുക(give up this 'I') എന്നതാണ്. നാമത് അനുസരിക്കുന്നില്ല. നമ്മളെല്ലായ്പോഴും 'ഞാൻ' എന്നു പറഞ്ഞുകൊണ്ടിരിക്കുന്നു. ഞാൻ




ആസ്ട്രേലിയയിലായിരുന്നു, ഞാൻ ന്യൂസിലന്റിലായിരുന്നു. 'ഞാൻ', 'ഞാൻ'! ആദ്യത്തെ കൽപനയെന്നത് ഈ അഹം മറക്കുക, നീക്കം ചെയ്യുക, മുറിച്ചു കളയുക എന്നതാണ്. അത് ലിസ്റ്റിൽ ഫസ്റ്റ്(ഒന്നാമതായി) ആയി വച്ചിരിക്കുന്നതിനു കാരണം ആദ്ധ്യാത്മിക പഥത്തിൽ അതൊരു 'മസ്റ്റ്'(ഒഴിവാക്കാനാവാത്തത്) ആയതുകൊണ്ടാണ്.

ഞാൻ ഈ 'അഹ'(I)ത്തോട് എത്ര കാലം അള്ളിപ്പിടിച്ചിരിക്കുമോ, ഞാൻ കുറേക്കാലം കൂടി ജീവിച്ചേ മതിയാകൂ. 'അഹം'(I) മുറിച്ചുകളയുന്നതുവരെ ജനനമരണ ചക്രം അനന്തമായി തിരിഞ്ഞുകൊണ്ടേയിരിക്കും. ഈ ലോകത്തിലെ ഏറ്റവും ഹാനികരമായ സംഗതിയായ ഈ 'അഹം'(I) വിച്ഛേദിക്കപ്പെടുമ്പോൾ, അവിടെ

ജ്ഞാനം(Awareness) ഉണ്ടാവും. അപ്പോൾ നിങ്ങൾ നിർവാണം(enlightenment) അഥവാ മുക്തി പ്രാപിക്കും. അങ്ങനെ, ആദ്യത്തെ കൽപനയെന്നത് ഈ 'അഹം'(I) മറക്കുക അഥവാ ഉപേക്ഷിക്കുക എന്നതാണ്.

## രണ്ടാമത്തെ കൽപന: 'നാം' പരിപോഷിപ്പിക്കുക
## THE SECOND COMMANDMENT: CULTIVATE 'WE'

രണ്ടാമത്തെ രണ്ടക്ഷരമുള്ള കൽപന ഇതാണ്: ഏറ്റവും തൃപ്തികരമായ, ഏറ്റവും




ചാരിതാർത്ഥ്യജനകമായ, ഏറ്റവും കാമ്യമായ സംഗതി 'നാം(We)' ആകുന്നു. ഈ 'നാം' പരിപോഷിപ്പിക്കുക. ഇന്നലത്തെ ദിവ്യപ്രഭാഷണത്തിലും ഭഗവാൻ ഊന്നിപ്പറയുകയായിരുന്നു, "ഐക്യത്തിന്റെ ദിനം ആസന്നമായിരിക്കുന്നു." ഇതാണ് അവിടുന്ന് അരുളിയത്.

ഭഗവാൻ ഒരു ഒന്നാം വർഷ ഡിഗ്രി വിദ്യാർത്ഥിയോട് ചോദിച്ചു, "നിനക്ക് എത്ര സഹോദരന്മാരുണ്ട്?"



ആ കുട്ടി മറുപടി പറഞ്ഞു, "സ്വാമീ, എനിക്ക് രണ്ട് സഹോദരന്മാരുണ്ട്."

സ്വാമി: "രണ്ട്? ശ്ശെ! എല്ലാവരും സഹോദരന്മാരാണ്! എന്തിനാണ് നീ രണ്ടെന്നു പറയുന്നത്?"




എല്ലാവരും സഹോദരീസഹോദരന്മാരാണ് എന്നു നമുക്ക് തോന്നുമ്പോഴാണ് സന്തോഷം വരിക. 'ഒരു സഹോദരൻ' അഥവാ 'ഒരു സഹോദരി' മാത്രം എന്നത് അവിടുന്ന് ഇഷ്ടപ്പെടുന്നില്ല അഥവാ അംഗീകരിക്കുന്നില്ല.

ഈ നിർവചനമാണ് ഭഗവാൻ നൽകിയത്: "ആദ്ധ്യാത്മികതയിൽ, ഒരുവൻ 'ഞാൻ'(I) എന്ന സ്ഥാനത്തുനിന്ന് 'നാം'(we) എന്ന സ്ഥാനത്തേക്ക് സഞ്ചരിക്കണം."

നാം ആദ്ധ്യാത്മികതയ്ക്ക് എത്ര വട്ടം നിർവചനങ്ങൾ നൽകിക്കൊണ്ടേയിരിക്കുന്നു. നമുക്ക് ആശയക്കുഴപ്പമുണ്ടാവുന്നു, നാം മറ്റുള്ളവരെക്കൂടി വിജയകരമായി കുഴപ്പ

ത്തിലാക്കുന്നു! ധാരാളം ആളുകൾ അന്യരെ കുഴപ്പിക്കുന്നതിൽ വളരെ വിജയിക ളാണ്! അത്തരം ആളുകളിൽനിന്ന് അകലം പാലിക്കേണമേയെന്ന് നമുക്ക് ഈശ്വര നോട് പ്രാർത്ഥിക്കാം. അവർ കുഴങ്ങിക്കോട്ടെ! അവർക്കായി മനോരോഗ കേന്ദ്രങ്ങ ളുണ്ട്, പക്ഷേ അവിടെ അഡ്മിറ്റാകാൻ നാം തയ്യാറല്ല! 'നമ്മൾ', കൂട്ടായ്മ, സമുദാ യം, സമൂഹം -ഇതാണ് പിന്തുടരേണ്ടത്. ഇതാണ് അങ്ങേയറ്റം തൃപ്തി തരുന്ന രണ്ടാ മത്തെ കൽപന- 'നാം' പോഷിപ്പിക്കുക.




**മൂന്നാമത്തെ കൽപന: അഹന്ത ത്യജിക്കുക**
**THE THIRD COMMANDMENT: CUT OUT 'EGO'**

മൂന്നാമത്തെ കൽപന വളരെ അപകടകാരിയായ ഒരു മൂന്നക്ഷരമുള്ള വാക്ക് ഉൾക്കൊള്ളുന്നതാണ്-അഹന്ത(Ego). ചില മരുന്നുകൾക്ക്, ഉദാഹരണത്തിന് ഗാഢ സൾഫ്യൂരിക് ആസിഡ്, ലേബൽ വച്ചി രിക്കും "അത്യന്തം വിഷമായത്-ശ്രദ്ധിക്കുക. അകത്ത് കഴിക്കാ നുള്ളതല്ല." ആരുമത് എടുക്കാൻ പാടില്ല. മറ്റു ചില മരുന്നു കളുടെ ലേബലിൽ എഴുതിയിരിക്കും "വിഷം, ശ്രദ്ധിക്കുക." ഒരു ഡോക്ടർ അത് നിർദ്ദേശിക്കാത്തിടത്തോളം, ആരുംതന്നെ അത് കഴിക്കാൻ പാടില്ല.




ഈഗോ എന്നത് ഒരു വിഷമുള്ള ത്രയാക്ഷരപദമാകുന്നു. വിഷം കഴിച്ചാൽ നിങ്ങൾ രക്ഷപ്പെട്ടെന്നു വരും, പക്ഷേ ഈഗോയുടെ കാര്യം അങ്ങനെയല്ല. അത്രയ്ക്ക് അപക ടകരമായ സംഗതിയാണ് അഹന്ത. ഭഗവാനിത് വീണ്ടും വീണ്ടും പറഞ്ഞിരിക്കുന്നു. ഈ 'ഈഗോ ശസ്ത്രക്രിയ' നടത്തുന്ന ഏറ്റവും മികച്ച സർജനാണ് ഭഗവാൻ. ഈ അവതാരം മറ്റെന്തും പൊറുക്കും, പക്ഷേ ഈഗോ മാത്രം ഇല്ല.




അതു മാത്രമല്ല, നിങ്ങൾക്ക് പത്തു കൊല്ലം കഴിഞ്ഞ് ഉണ്ടായേക്കാവുന്ന ഈഗോയ്ക്ക് അവിടുന്ന് ഇന്ന് ശസ്ത്ര ക്രിയ ചെയ്യും! നിങ്ങൾ വരുന്ന കൊല്ലം അഹംഭാവിയായേക്കാം. അതുകൊണ്ട്, അവിടുന്ന് ഇക്കൊല്ലംതന്നെ ശസ്ത്രക്രിയ ചെയ്യും, ഈ ജന്മത്തിൽ വീണ്ടും ഒരിക്കൽപ്പോലും നിങ്ങൾ അഹംഭാവിയാകാത്ത തരത്തിൽ! ഭഗവാനുമായി ശാരീരികമായി അടുപ്പമുള്ളവർക്കും വർഷങ്ങളായി

ഇവിടെത്തന്നെ വസിക്കുന്നവർക്കും നല്ലപോലെ അറിയാം ഭഗവാൻ എങ്ങനെയാണ് വളരെ വിജയിയായ ഒരു സർജനായി പ്രവർത്തിക്കുന്നത് എന്ന്. അവിടുന്ന് നിങ്ങളെ വിളിച്ചതിനു ശേഷം, നിങ്ങൾ വിഭുവിന്റെയടുത്തേക്ക് നടക്കുന്ന രീതിയിൽനിന്ന് എത്ര അഹംഭാവിയാണ് നിങ്ങളെന്ന് ഭഗവാൻ മനസ്സിലാക്കും.

നിങ്ങളുടെ ഇരിപ്പും നിങ്ങളുടെ സംസാരരീതിയും നിശ്ചയമായും നിങ്ങളുടെ ഈഗോയെ സൂചിപ്പിക്കും. ഉദാഹരണത്തിന്, ഒരു ഭക്തൻ വിനയപൂർവം ചോദിക്കുന്നു, ‘‘സർ, സ്വാമി എന്നെ വിളിക്കുന്നതിന് വല്ല സാധ്യതയുമുണ്ടോ?’’

ആ സാറിന്റെ പരുക്കൻ മറുപടി, ‘‘താങ്കൾ ഭഗവാനോട് ചോദിക്ക്!’’

മറ്റൊരു ഉദാഹരണം: ‘‘എനിക്ക് അവിടെ ഇരിക്കാൻ പറ്റുമോ?’’

പ്രതികരണം ഇങ്ങനെ, ‘‘പറ്റില്ല! ഇയാളെ അവിടെനിന്ന് പുറത്താക്ക്!’’

ചില ആളുകൾക്ക് അക്രമാസക്തമായ ഭക്തിയാണ്! അതിനർത്ഥം, അവരുടെ ഭക്തി ഹിംസാത്മകമാണെന്നാണ്! മറ്റുള്ളവരെ പീഢിപ്പിച്ചാണ് അവർ തങ്ങളുടെ ഭക്തി പ്രകടിപ്പിക്കുന്നത്.(എനിക്കവരെ മനസ്സിലാകുന്നില്ല!).

ഈഗോ അടങ്ങിയിരിക്കില്ല. അത് സ്വയം പ്രകടമാകുന്നതിന് ഏതെങ്കിലും ഒരു അവസരം, സാധാരണ വർത്തമാനത്തിൽ പോലും, കണ്ടെത്തും. ഞാൻ ഒരു നവാഗതനാണ്, ഇവിടെ പുട്ടപർത്തിയിൽ ആദ്യമായി വരികയാണ് എന്നിരിക്കട്ടെ. ഞാൻ പറഞ്ഞേക്കാം, ‘‘വൗ! സ്വാമിയുമൊത്ത് എനിക്ക് ഒരു ആവേശകരമായ അനുഭവമായിരുന്നു കിട്ടിയത്! ഇന്നു കാലത്ത് എനിക്ക് വളരെ നല്ല ഒരു ദർശനമാണ് ലഭിച്ചത്!’’ അപ്പോൾ മറ്റൊരു മനുഷ്യൻ കർക്കശമായി പറഞ്ഞേക്കാം, ‘‘ശ്ശെ! എല്ലാ ദിവസവും നല്ല ദർശനമാണ്. ‘ഇന്നു കാലത്ത് നല്ല ദർശനമായിരുന്നു’ എന്ന് താങ്കൾ എന്തിനാണ് പറയുന്നത്?’’




ആ ചങ്ങാതിയുടെ ഈഗോ മുറിപ്പെട്ടു. എന്നെ സന്തോഷവാനായി കാണുന്നത് അദ്ദേഹത്തിന് സഹിക്കാനാവില്ല.

ചില ആളുകൾ സന്തോഷിക്കുന്നത് മറ്റുള്ളവർ വിഷമിക്കുമ്പോളാണ്! എന്നാൽ മറ്റുള്ളവർ സന്തോഷിക്കുമ്പോളാണ് നമ്മളും സന്തോഷിക്കേണ്ടത്. ദു:ഖിതരായ ആളുകളെ സന്തോഷിപ്പിക്കുന്നതിനാവണം നാം സന്തോഷിക്കേണ്ടത്. നമ്മുടെ സാന്നിധ്യം

ഓരോരുത്തരെയും ചിരിപ്പിക്കണം. പ്ലീസ്! അതെ! സർജൻ വന്ന് ശസ്ത്രക്രിയ യ്ക്കായി ഇന്റൻസീവ് കെയർ യൂണിറ്റിലേക്ക് ഉടൻ കൂട്ടിക്കൊണ്ടുപോവും എന്ന മട്ടിൽ, വീർത്ത മുഖവുമായി ആരെങ്കിലും ഉള്ളപ്പോൾ, ഒരുവന്റെ സാന്നിധ്യം ആധിയും ആകാംക്ഷയുമാണ് സൃഷ്ടിക്കുന്നത് എങ്കിൽ, അയാ ളിൽനിന്ന് അകലെയായിരിക്കാൻ ഈശ്വരൻ നമ്മെ സഹായിക്കട്ടെ!



നിങ്ങളുടെ സാന്നിധ്യം എല്ലാവരെയും പുഞ്ചിരിപ്പിക്കണം. അവർ നിങ്ങളെ കാണുന്ന നിമിഷം, അവർ സന്തോഷത്തോടെ നിങ്ങളെ അഭിവാദ്യം ചെയ്യണം, ''ഹായ്! താങ്കൾക്ക് സുഖമോ?'' നേരേ മറിച്ച്, മറ്റുള്ളവർ ഹതാശയോടെ ഇപ്രകാരം ചിന്തിക്കുന്നതിന് നിങ്ങളുടെ സാന്നിധ്യം കാരണമായിക്കൂടാ: ''ഓ, അയാൾ വരുന്നുണ്ട്. അയാളെ ഒഴിവാക്കിയേക്കാം. അയാൾ ശല്യക്കാരനാണ്. അയാളെ ഒഴിവാക്കുന്നതിന് ഈ വഴി പോയേക്കാം. ആ വഴിയേ പോയാൽ അയാളെന്നെ തിരിച്ചറിയില്ല.'' ഇതൊരു ദുരന്താനുഭവമാണ്, യോഗ്യമായ ജീവിതമേ അല്ല.



എല്ലാവർക്കും സൗഖ്യമേകുന്ന ജീവിതം, അവർ നിങ്ങളുടെ സന്തോഷം ആസ്വദിച്ച്, ഓരോരുത്തരെയും ചിരിപ്പിച്ച്, നിങ്ങളിൽനിന്ന് ചില കാര്യങ്ങളൊക്കെ പഠിച്ച്-യോഗ്യ മായ ജീവിതമാണത്.

പ്രഫസർ അനിൽകുമാർ നമുക്ക് കൂടുതൽ ആദ്ധ്യാത്മികോപദേശം അടുത്ത ലക്ക ത്തിൽ തരുന്നതാണ്.

നിങ്ങളുടെ സമയത്തിന് നന്ദി,

ഓം സായിറാം!

(തുടരും)



പ്രഫ. അനിൽകുമാർ കാമരാജു – (*Sai-Vedam* പേജ് 147-153)
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)